Deepika 2018 - March - 22



## ...ഗ് ഗാന്ധിയൻ ടെക്നോളജിക്കൽ ...ന്നാവേഷൻ അവാർഡ് ...ാ. സിന്നു സൂസൻ തോമസിന്

...ളം: വിശ്വജ്യോതി എൻജിനിയറിംഗ് കോളജ് ഇലക്ട്രോണി... ആൻഡ് കമ്യൂണിക്കേഷൻസ് വിഭാഗം അസോസിയേറ്റ് പ്രഫ. ...സിന്നു സൂസൻ തോമസ് 2018-ലെ യംഗ് ഗാന്ധിയൻ ടെക്നോ...ൽ ഇന്നൊവേഷൻ അവാർഡിന് അർഹയായി. കേന്ദ്ര സർ...ന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി വ...ായി സഹകരിച്ചു പ്രവർത്തിക്കുന്ന സൃഷ്ടി (സൊസൈറ്റി ഫോ...ർച്ച് ആൻഡ് ഇനിഷ്യേറ്റീവ്സ് ഫോർ സസ്റ്റെയിനബിൾ ടെ...ളജീസ് ആൻഡ് ഇൻസ്റ്റിറ്റ്യൂഷൻസ്) ആണ് അവാർഡ് നൽകു...

...ാ. സിന്നു സൂസൻ തോമസിന്റെ 'റോഡ് ആക്സിഡന്റ് ഡിറ്റക്ഷൻ ...ഗ് പെർസെപ്ച്വൽ ആട്രിബ്യൂട്ട്സ് ഓഫ് വീഡിയോ' എന്ന പ്രോ...ണ് അവാർഡ് ലഭിച്ചത്. 2915 എൻട്രികളിൽനിന്നു 23 ബെസ്റ്റ് എൻ...ൽ ഒന്നായി ഡോ. സിന്നു സൂസന്റെ പ്രോജക്ട് തെരഞ്ഞെടുത്തു. ...തിഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി രാം നാഥ് കോവിന്ദിൽനി...ാ. സിന്നു സൂസൻ തോമസ് അവാർഡ് ഏറ്റുവാങ്ങി.



രാഷ്ട്രപതി രാം നാഥ് കോവിന്ദിൽനിന്നു വാഴക്കുളം വിശ്വജ്യോതി എൻജിനിയറിംഗ് കോളജ് അധ്യാപിക ഡോ. സിന്നു സൂസൻ തോമസ് 2018-ലെ യംഗ് ഗാന്ധിയൻ ടെക്നോളജിക്കൽ ഇന്നൊവേഷൻ അവാർഡ് ഏറ്റുവാങ്ങുന്നു.

## ഒരുക്കം പൂർത്തിയായി

## ആരക്കുഴ മലേക്കുരിശിലേക്ക് കോ... രൂപതയുടെ തീർഥാടനം നാളെ

കോതമംഗലം: രൂപതയിലെ പുരാതനവും ചരിത്ര പ്രസിദ്ധവുമായ ആരക്കുഴ മലേക്കുരിശിലേക്ക് കോതമംഗലം രൂപത ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിലിന്റെ നേതൃത്വത്തിൽ നാൽപതാം വെള്ളിയാഴ്ചയായ നാളെ കാൽനട തീർഥാടനം നടത്തും. മൂവാറ്റുപുഴ ഹോളിമാഗി ഫൊറോന പള്ളിയിൽനിന്നു രാവിലെ 8.30ന് ജപമാലയോടെ തീർഥാടനം ആരംഭിക്കും.

മലേക്കുരിശ് പള്ളിയിൽ മാർ ജോർജ് മഠത്തിക്കണ്ടത്തിലിന്റെ മുഖ്യകാർമികത്വത്തിൽ സമൂഹബലി അർപ്പിക്കും.

രൂപതയിലെ എല്ലാ ഇടവകകളിൽനിന്നു വൈദികരുടെ നേതൃത്വത്തിൽ വിശ്വാസികളും ഭക്തസംഘടനാ ഭാരവാഹികളും പ്രവർത്തകരുമുൾപ്പെടെ നൂറുകണക്കിനു പേർ തീർഥാടനത്തിൽ പങ്കാളികളാകും. തീർഥാടകർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുള്ളതായി മൂവാറ്റുപുഴ ഹോളിമാഗി പള്ളി വികാരി ഫാ. പോൾ നെടുമ്പുറത്ത്, ആരക്കുഴ സെന്റ് മേരീസ് ഫൊറോന പള്ളി വികാരി ഫാ. ഫ്രാൻസിസ് കീരമ്പാറ എന്നിവർ അറിയി...

...ച്ചു. മാർ...ലിന്റെ ...വർഷ...യിൽ ...ലേക്കു... നടത്ത... സഭ... ഹവും ...കാൻ ...ൽ നാ... ആചര... എല്ലാ... പ്രാർഥ... ആഹ്വ...

## ...വൂരിൽ തെരുവുനായ്ക്കൾ ആടിനെ കടിച്ചു

...ഴ: മുളവൂരിൽ തെരുവു...ൾ ആടിനെ കടിച്ചു പരി...പ്പിച്ചു. മുളവൂർ കോട്ടയിൽ ...കെ.എസ്. സ്വരൂപിന്റെ ...യാണ് തെരുവ് നായ്ക്ക...ത്. ചൊവ്വാഴ്ച രാവിലെ ...യാണ് സംഭവം. ...നു സമീപത്തെ പുരയിട...കെട്ടിയിരുന്ന ആടിനെ ...ഞ്ചോളം തെരുവ് നാ...ക്രമിച്ചത്. ആടിന്റെ നി...ലവിളികേട്ട് സ്വരൂപിന്റെ ഭാര്യ രജിത ഓടിയെത്തിയപ്പോഴേയ്ക്കും നായ്ക്കൂട്ടം ആടിനെ കടിച്ച് അവശ നിലയിലാക്കിയിരുന്നു നായ്ക്കളെ ഓടിക്കാൻ ശ്രമിച്ച രജിതയ്ക്കു നേരേയും നായ്ക്കൾ ഓടിയടുത്തു. രജിത ബഹളം വച്ചതോടെ നാട്ടുകാർ എത്തിയാണ് തെരുവ് നായ്ക്കളെ തുരത്തിയത്. അവശനിലയിലായ ആടിനെ മൃഗാശുപത്രിയിലെത്തിച്ച് ചികിത്സ നൽകി.

ഒരിടവേളയ്ക്കുശേഷം പ്രദേശത്ത് തെരുവുനായ ശല്യം രൂക്ഷമാകുന്നത് നാട്ടുകാർക്കിടയിൽ ആശങ്കയുണ്ടാക്കുന്നുണ്ട്. മാസങ്ങൾക്കു മുമ്പ് മുളവൂർ, ആട്ടായം, കിഴക്കേക്കടവ്, നിരപ്പ് പ്രദേശങ്ങളിലായി അഞ്ചോളം ആടുകളെ തെരുവു നായ്ക്കൾ കടിച്ചുകൊന്നിരുന്നു നിരവധി ആടുകൾക്ക് കടിയേറ്റ് പരിക്കുമുണ്ടായിരുന്നു.

## ബൈബിൾ കൺവൻഷൻ നാലിന് ആരംഭിക്കും

കോലഞ്ചേരി: മരിയൻ പ്രാർഥനാ കൂട്ടായ്മയുടെ നേതൃത്വത്തിലുള്ള 20-ാമത് കോലഞ്ചേരി ബൈബിൾ കൺവൻഷൻ ഏപ്രിൽ നാലു മുതൽ എട്ടു വരെ നടക്കും. സെന്റ് പോൾസ് ബഥനി സ്കൂൾ ഗ്രൗണ്ടിൽ ദിവസവും വൈകുന്നേരം 4.30 മുതൽ രാത്രി 9.30 വരെ നടക്കുന്ന കൺവൻഷന് കോയമ്പത്തൂർ ഡിവൈൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ആന്റണി പയ്യപ്പിള്ളി നേതൃത്വം നൽകും.

എല്ലാ ദിവസവും കുർബാന, ദിവ്യകാരുണ്യ ആരാധന, സുവിശേഷ പ്രസംഗം, ഗാനശുശ്രൂഷ, രോഗശാന്തി ശുശ്രൂഷ എന്നിവ നടക്കുമെന്ന് സംഘാടക സമിതി ഭാരവാഹികളായ പ്രഫ. എം. ജോസ് ജോസഫ്, പി.സി. ജേക്കബ് എന്നിവർ അറിയിച്ചു.

## കല്ലൂർക്കാട് ടൗണിലെ സ്റ്റേറ്റ് ബാങ്ക് ശാഖ മാറ്റുന്നതിൽ...

വാഴക്കുളം: കല്ലൂർക്കാട് ടൗണിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബാങ്ക് മാറ്റുന്നതിൽ പ്രതിഷേധമുയരുന്നു. നിലവിൽ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ ഇടപാടുകാരുടെ സൗകര്യാർഥം താഴെയുള്ള നിലകളിലേക്ക് മാറ്റണമെന്ന് പൊതുവായ നിർദേശമുണ്ടായിരുന്നു. ഇതനുസരിച്ച് ഇവിടെയുള്ള ശാഖയും സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റാൻ തീരുമാനിച്ചിരുന്നു.

എന്നാൽ ടൗണിൽനിന്ന് അരകിലോമീറ്ററോളം ദൂരത്തിലാണ് ബാങ്കിനായി നിലവിൽ സ്ഥലം കണ്ടെത്തിയിട്ടുള്ളത്. നിരവധി...

പൊതു... പാരശാ... കര്യമു... തി ഉയര... സ്റ്റേറ്റ്... ത്തിക്കാ... കൾ അ... മെന്ന് ന...

## ...ാഡിനായി മണ്ണെടുത്തതോടെ ...ട് അപകടാവസ്ഥയിൽ

...ഴ: റോഡ് നിർമാണവു...ന്ധപ്പെട്ട് മണ്ണെടുത്ത ...വീട് അപകടാവസ്ഥയിൽ ...സി റോഡിൽ മീങ്കുന്നം ...നു സമീപമുള്ള എറിക്കാ...ൻപുര ബാലകൃഷ്ണ...ാണ് ഏതു സമയവും...



## മണ്ണുമാന്തി യന്ത്രത്തിനും ക്രെയിനിനും കേടുവരുത്തി

## തലക്കോട് റബർക്കടയിൽ മോഷണ...

കോതമംഗലം: തലക്കോട് പുത്തൻകുരിശിൽ ദേശീയപാതയോരത്തെ റബർക്കടയിൽ മോഷണശ്രമം. സമീപത്ത് പാർക്ക് ചെയ്തിരുന്ന...

2018 March 22 Deepika



## ...ഗ് ഗാന്ധിയൻ ടെക്നോളജിക്കൽ ...ന്നാവേഷൻ അവാർഡ് ...ാ. സിന്നു സൂസൻ തോമസിന്

...ളം: വിശ്വജ്യോതി എൻജിനിയറിംഗ് കോളജ് ഇലക്ട്രോണി...ആൻഡ് കമ്യൂണിക്കേഷൻസ് വിഭാഗം അസോസിയേറ്റ് പ്രഫ. ...സിന്നു സൂസൻ തോമസ് 2018-ലെ യംഗ് ഗാന്ധിയൻ ടെക്നോ...ൽ ഇന്നൊവേഷൻ അവാർഡിന് അർഹയായി. കേന്ദ്ര സർ...ന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി വ...ായി സഹകരിച്ചു പ്രവർത്തിക്കുന്ന സൃഷ്ടി (സൊസൈറ്റി ഫോ...ർച്ച് ആൻഡ് ഇനിഷ്യേറ്റീവ്സ് ഫോർ സസ്റ്റെയിനബിൾ ടെ...ളജീസ് ആൻഡ് ഇൻസ്റ്റിറ്റ്യൂഷൻസ്) ആണ് അവാർഡ് നൽകു...

...ാ. സിന്നു സൂസൻ തോമസിന്റെ 'റോഡ് ആക്സിഡന്റ് ഡിറ്റക്ഷൻ ...ഗ് പെർസെപ്ച്വൽ ആട്രിബ്യൂട്ട്സ് ഓഫ് വീഡിയോ' എന്ന പ്രോ...ണ് അവാർഡ് ലഭിച്ചത്. 2915 എൻട്രികളിൽനിന്നു 23 ബെസ്റ്റ് എൻ...ൽ ഒന്നായി ഡോ. സിന്നു സൂസന്റെ പ്രോജക്ട് തെരഞ്ഞെടുത്തു. ...തിഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി രാം നാഥ് കോവിന്ദിൽനി...ാ. സിന്നു സൂസൻ തോമസ് അവാർഡ് ഏറ്റുവാങ്ങി.



രാഷ്ട്രപതി രാം നാഥ് കോവിന്ദിൽനിന്നു വാഴക്കുളം വിശ്വജ്യോതി എൻജിനിയറിംഗ് കോളജ് അധ്യാപിക ഡോ. സിന്നു സൂസൻ തോമസ് 2018-ലെ യംഗ് ഗാന്ധിയൻ ടെക്നോളജിക്കൽ ഇന്നൊവേഷൻ അവാർഡ് ഏറ്റുവാങ്ങുന്നു.

## ...വൂരിൽ തെരുവുനായ്ക്കൾ ആടിനെ കടിച്ചു

...ുഴ: മുളവൂരിൽ തെരുവു...ൾ ആടിനെ കടിച്ചു പരി...ിച്ചു. മുളവൂർ കോട്ടയിൽ ...ൽ കെ.എസ്. സ്വരൂപിന്റെ ...യാണ് തെരുവ് നായ്ക്ക...ത്. ചൊവ്വാഴ്ച രാവിലെ ...ടയാണ് സംഭവം. ...ു സമീപത്തെ പുരയിട...കെട്ടിയിരുന്ന ആടിനെ ...അഞ്ചോളം തെരുവ് നാ...ആക്രമിച്ചത്. ആടിന്റെ നിലവിളികേട്ട് സ്വരൂപിന്റെ ഭാര്യ രജിത ഓടിയെത്തിയപ്പോഴേയ്ക്കും നായ്കൂട്ടം ആടിനെ കടിച്ച് അവശ നിലയിലാക്കിയിരുന്നു. നായ്ക്കളെ ഓടിക്കാൻ ശ്രമിച്ച രജിതയ്ക്കു നേരേയും നായ്ക്കൾ ഓടിയടുത്തു. രജിത ബഹളം വച്ചതോടെ നാട്ടുകാർ എത്തിയാണ് തെരുവ് നായ്ക്കളെ തുരത്തിയത്. അവശനിലയിലായ ആടിനെ മൃഗാശുപത്രിയിലെത്തിച്ച് ചികിത്സ നൽകി.

ഒരിടവേളയ്ക്കുശേഷം പ്രദേശത്ത് തെരുവുനായ ശല്യം രൂക്ഷമാകുന്നത് നാട്ടുകാർക്കിടയിൽ ആശങ്കയുണ്ടാക്കുന്നുണ്ട്. മാസങ്ങൾക്കു മുമ്പ് മുളവൂർ, ആട്ടായം, കിഴക്കേക്കടവ്, നിരപ്പ് പ്രദേശങ്ങളിലായി അഞ്ചോളം ആടുകളെ തെരുവുനായ്ക്കൾ കടിച്ചുകൊന്നിരുന്നു. നിരവധി ആടുകൾക്ക് കടിയേറ്റ് പരിക്കുമുണ്ടായിരുന്നു.

## ബൈബിൾ കൺവൻഷൻ നാലിന് ആരംഭിക്കും

**കോലഞ്ചേരി:** മരിയൻ പ്രാർഥനാ കൂട്ടായ്മയുടെ നേതൃത്വത്തിലുള്ള 20-ാമത് കോലഞ്ചേരി ബൈബിൾ കൺവൻഷൻ ഏപ്രിൽ നാലു മുതൽ എട്ടു വരെ നടക്കും. സെന്റ് പോൾസ് ബഥനി സ്കൂൾ ഗ്രൗണ്ടിൽ ദിവസവും വൈകുന്നേരം 4.30 മുതൽ രാത്രി 9.30 വരെ നടക്കുന്ന കൺവൻഷന് കോയമ്പത്തൂർ ഡിവൈൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ആന്റണി പയ്യപ്പിള്ളി നേതൃത്വം നൽകും.

എല്ലാ ദിവസവും കുർബാന, ദിവ്യകാരുണ്യ ആരാധന, സുവിശേഷ പ്രസംഗം, ഗാനശുശ്രൂഷ, രോഗശാന്തി ശുശ്രൂഷ എന്നിവ നടക്കുമെന്ന് സംഘാടക സമിതി ഭാരവാഹികളായ പ്രഫ. എം. ജോസ് ജോസഫ്, പി.സി. ജേക്കബ് എന്നിവർ അറിയിച്ചു.

ഒരുക്കം പൂർത്തിയായി

## ആരക്കുഴ മലേക്കുരിശിലേക്ക് കോ... രൂപതയുടെ തീർഥാടനം നാളെ

**കോതമംഗലം:** രൂപതയിലെ പുരാതനവും ചരിത്ര പ്രസിദ്ധവുമായ ആരക്കുഴ മലേക്കുരിശിലേക്ക് കോതമംഗലം രൂപത ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിലിന്റെ നേതൃത്വത്തിൽ നാൽപതാം വെള്ളിയാഴ്ചയായ നാളെ കാൽനട തീർഥാടനം നടത്തും. മൂവാറ്റുപുഴ ഹോളിമാഗി ഫൊറോന പള്ളിയിൽനിന്നു രാവിലെ 8.30ന് ജപമാലയോടെ തീർഥാടനം ആരംഭിക്കും.

മലേക്കുരിശ് പള്ളിയിൽ മാർ ജോർജ് മഠത്തിക്കണ്ടത്തിലിന്റെ മുഖ്യകാർമികത്വത്തിൽ സമൂഹബലി അർപ്പിക്കും.

രൂപതയിലെ എല്ലാ ഇടവകകളിൽനിന്നു വൈദികരുടെ നേതൃത്വത്തിൽ വിശ്വാസികളും ഭക്തസംഘടനാ ഭാരവാഹികളും പ്രവർത്തകരുമുൾപ്പെടെ നൂറുകണക്കിനു പേർ തീർഥാടനത്തിൽ പങ്കാളികളാകും. തീർഥാടകർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുള്ളതായി മൂവാറ്റുപുഴ ഹോളിമാഗി പള്ളി വികാരി ഫാ. പോൾ നെടുമ്പുറത്ത്, ആരക്കുഴ സെന്റ്മേരീസ് ഫൊറോന പള്ളി വികാരി ഫാ. ഫ്രാൻസിസ് കീരമ്പാറ എന്നിവർ അറിയിച്ചു.

മാർ... ലിന്റെ... വർഷ... യിൽ ... ലേക്ക... നടത്ത... സഭ... ഹവും... ക്കാൻ... ൽ നാ... ആചര... എല്ലാ... പ്രാർഥ... ആഹ്വാ...

## കല്ലൂർക്കാട് ടൗണിലെ സ്റ്റേറ്റ് ബാങ്ക് ശാഖ മാറ്റുന്നതിൽ ...

**വാഴക്കുളം:** കല്ലൂർക്കാട് ടൗണിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബാങ്ക് മാറ്റുന്നതിൽ പ്രതിഷേധമുയരുന്നു. നിലവിൽ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ ഇടപാടുകാരുടെ സൗകര്യാർഥം താഴെയുള്ള നിലകളിലേക്ക് മാറ്റണമെന്ന് പൊതുവായ നിർദേശമുണ്ടായിരുന്നു. ഇതനുസരിച്ച് ഇവിടെയുള്ള ശാഖയും സൗകര്യപ്രഥമായ സ്ഥലത്തേക്ക് മാറ്റാൻ തീരുമാനിച്ചിരുന്നു.

എന്നാൽ ടൗണിൽനിന്ന് അര കിലോമീറ്ററോളം ദൂരത്തിലാണ് ബാങ്കിനായി നിലവിൽ സ്ഥലം കണ്ടെത്തിയിട്ടുള്ളത്. നിരവധി പൊതു... പാരശാ... കര്യമുണ... തി ഉയര... സ്റ്റേറ്റ് ... ത്തിക്കാ... കൾ അ... മെന്ന് ന...

## ...ാഡിനായി മണ്ണെടുത്തതോടെ ...ട് അപകടാവസ്ഥയിൽ

...ുഴ: റോഡ് നിർമാണവു...ണ്ടപ്പെട്ട് മണ്ണെടുത്ത...വീട് അപകടാവസ്ഥയി...സി റോഡിൽ മീമ്പുന്നം...ു സമീപമുള്ള എറിക്കാ...ൻപുര ബാലകൃഷ്ണ...ാണ് ഏതു സമയവും...



മണ്ണുമാന്തി യന്ത്രത്തിനും ക്രെയിനിനും കേടുവരുത്തി

## തലക്കോട് റബർക്കടയിൽ മോഷണ...

കോതമംഗലം: തലക്കോട് പുത്തൻകുരിശിൽ ദേശീയപാതയോരത്തെ റബർക്കടയിൽ മോഷണശ്രമം. സമീപത്ത് പാർക്ക്...



Mathrubhumi 26th March 2018, Monday

## അറിയിപ്പ്

# യങ് ഗാന്ധിയൻ ടെക്നോളജിക്കൽ ഇന്നൊവേഷൻ അവാർഡ് ഡോ. സിന്നു സൂസൻ തോമസിന്




യങ് ഗാന്ധിയൻ ടെക്നോളജിക്കൽ ഇന്നൊവേഷൻ പുരസ്കാരം രാഷ്ട്രപതി രാംനാഥ് കോവിന്ദിൽനിന്ന് ഡോ. സിന്നു ഏറ്റു വാങ്ങുന്നു

**വാഴക്കുളം ▸** യങ് ഗാന്ധിയൻ ടെക്നോളജിക്കൽ ഇന്നൊവേഷൻ പുരസ്കാരം വാഴക്കുളം വിശ്വജ്യോതി കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. സിന്നു സൂസൻ തോമസിന്.

സൊസൈറ്റി ഫോർ റിസർച്ച് ആൻഡ് ഇനീഷ്യേറ്റീവ് ടെക്നോളജീസാണ് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്.

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പ്രോജക്ടിനാണ് പുരസ്കാരം.

ഡൽഹിയിൽ രാഷ്ട്രപതിഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി രാംനാഥ് കോവിന്ദിൽനിന്ന് ഡോ. സിന്നു പുരസ്കാരം ഏറ്റുവാങ്ങി.

# സോജൻ വാളൂരാന് മികച്ച പ്രാദേശിക പത്രപ്രവർത്തകനുള്ള അവാർഡ്



**കുന്നംകുളം ▸** മാധ്യമപ്രവർത്തകരുടെ കൂട്ടായ്മ നൽകുന്ന മികച്ച പ്രാദേശിക പത്രപ്രവർത്തകനുള്ള അവാർഡിന് മാതൃഭൂമി വൈപ്പിൻ ലേഖകൻ സോജൻവാളൂരാനെ തിരഞ്ഞെടുത്തു.

2017 ഒക്ടോബറിൽ മാതൃഭൂമി കൊച്ചി എഡിഷനിൽ പ്രസിദ്ധീകരിച്ച 'കതിരണിയാതെ പൊക്കാളിപ്പാടങ്ങൾ' എന്ന വാർത്താപരമ്പരയ്ക്കാണ് അവാർഡ്. 10001 രൂപയുടെ അവാർഡ് ഏപ്രിലിൽ സമ്മാനിക്കും.

# ശ്രീകുരുംബ ക്ഷേത്ര നടതുറപ്പ് നാളെ

**കൊടുങ്ങല്ലൂർ ▸** ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിലെ നടതുറപ്പ് മീനമാസത്തിലെ പൂയംനാളായ ചൊവ്വാഴ്ച നടക്കും. പതിവുപോലെ പുലർച്ചെ നാലിനാണ് നടതുറപ്പ്.

അശ്വതി നാളിൽ തൃച്ചന്ദനച്ചാർത്ത് പൂജകൾ കഴിഞ്ഞ് ഭരണിനാളിൽ പുലർച്ചെ വരിയരിപ്പായസം നിവേദിച്ച് പള്ളിമാടത്തിൽ സങ്കല്പിച്ചിരുത്തിയ ശേഷം ചൊവ്വാഴ്ചയാണ് ഭഗവതി സർവാഭരണഭൂഷിതയായി ഭക്തജനങ്ങൾക്ക് ദർശനം നൽകുക.

# റെയിൽവേ ഭൂസ്വത്ത് വിവരശേഖരണം ഡിസംബറിൽ പൂർത്തിയാകും

## പദ്ധതി ഐ.എസ്.ആർ.ഒ.യുടെ സഹകരണത്തോടെ

**കണ്ണൂർ ▸** റെയിൽവേയുടെ ഭൂസ്വത്ത് കണ്ടെത്തി അടയാളപ്പെടുത്താനുള്ള ഡിജിറ്റൽ മാപ്പിങ് ജോലികൾ ഈവർഷം ഡിസംബറിൽ പൂർത്തിയാകും. ഐ.എസ്.ആർ.ഒ.യുമായി സഹകരിച്ചാണ് റെയിൽവേ പദ്ധതി തയ്യാറാക്കിയത്.

കൈയേറിയ ഭൂമി തിരിച്ചുപിടിക്കലും നിലവിലേത് സംരക്ഷിച്ചുനിർത്തലുമാണ് ലക്ഷ്യം. പദ്ധതിക്കാവശ്യമായ സാറ്റലൈറ്റ് സൗകര്യങ്ങളാണ് ഐ.എസ്.ആർ.ഒ. നൽകുന്നത്.

ഗ്ലോബൽ ഇൻഫർമേഷൻ സിസ്റ്റംവഴി റിമോർട്ട് സെൻസിങ് സാറ്റലൈറ്റ് ഉപയോഗിച്ച് റെയിൽവേയുടെ സ്വത്തുക്കൾ അടയാളപ്പെടുത്തുകയാണ് ആദ്യഘട്ടത്തിൽ. പിന്നീട് ഇവ നിരീക്ഷിക്കാനുള്ള സംവിധാനവും തയ്യാറാക്കും. വേണ്ടത്ര രേഖകളില്ലാത്തതിനാൽ റെയിൽവേയുടെ സ്ഥലങ്ങളിൽ കൈയേറ്റം വ്യാപകമാണ്.

ഡിജിറ്റൽ സംവിധാനത്തിലൂടെ ഭൂവിവരങ്ങൾ രേഖപ്പെടുത്തുകവഴി ഭാവിയിൽ ഇവയ്ക്ക് തടയിടാനാകും. ഇതിനുള്ള ശ്രമമാണ് റെയിൽവേ ഇപ്പോൾ നടത്തുന്നത്.

റെയിൽവേയുടെ കീഴിലുള്ള സ്ഥാപനങ്ങൾ ഉൾപ്പെടെയാണ് മാപ്പിങ് നടത്തുന്നത്. സെൻട്രൽ ഫോർ റെയിൽവേ ഇൻഫർമേഷൻ സിസ്റ്റമാണ് ഇതിനായുള്ള ആപ്ലിക്കേഷൻ രൂപവത്കരിച്ചത്.

ഈ ആപ്ലിക്കേഷൻ ഐ.എസ്.ആർ.ഒ.യുടെ ഭുവൻ പ്ലാറ്റ്ഫോമിൽ നിന്നാണ് സാറ്റലൈറ്റ് ചിത്രങ്ങളെടുക്കുന്നത്. ഇങ്ങനെ കൃത്യമായ ഇടവേളകളിലെടുക്കുന്ന ചിത്രങ്ങളെ അടിസ്ഥാനമാക്കിയാണ് ഭൂമി കൈയേറ്റത്തെ തിരിച്ചറിയുക. 2016 മാർച്ചിലാണ് ഇതുമായി ബന്ധപ്പെട്ട കരാർ റെയിൽവേ മന്ത്രാലയവും ഐ.എസ്.ആർ.ഒ.യും തമ്മിൽ ഒപ്പിട്ടത്.

# ഭാരത് ജ്യോതി പുരസ് സ്പീക്കർ പി. ശ്രീരാമ ഏറ്റുവാങ്ങും

**ന്യൂഡൽഹി ▸** ഇന്ത്യ ഇൻറർനാഷണൽ ഫ്രൻഡ്ഷിപ്പ് സൊസൈറ്റിയുടെ ഈ വർഷത്തെ ഭാരത് ജ്യോതി പുരസ്കാരം സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ തിങ്കളാഴ്ച ഏറ്റുവാങ്ങും. മാർക്സ് മുള്ളർ മാർഗിലെ ഇന്ത്യ ഇൻറർനാഷണൽ സെൻററിലാണ് ചടങ്ങ്.

വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവർക്കാണ് ഭാരത്